REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 01-10-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

1. **കേരളത്തെ വ്യാവസായിക രംഗത്ത് ഇലക്ട്രോണിക് ഹബ് ആക്കി മാറ്റാനാണ് ഗവൺമെന്റ് ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
2. **ജമ്മു കശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാമത്തെയും അവസാനത്തെയും ഘട്ടത്തിൽ 11 മണി വരെ 28.12 ശതമാനം പോളിംഗ്.**
3. **ഇന്ന് അന്താരാഷ്ട്ര വയോജന ദിനം.**
4. **കേരളത്തിൽ കഴിഞ്ഞ മൂന്നര വർഷങ്ങളിൽ ഒരു ലക്ഷത്തി 80,887 പേർക്ക് പട്ടയം വിതരണം ചെയ്തതായി മന്ത്രി K.രാജൻ.**
5. **കാൺപൂർ ക്രിക്കറ്റ് ടെസ്റ്റിലെ രണ്ടാം ഇന്നിംഗ്സിൽ ബംഗ്ലാദേശ് 146 റൺസിന് ഓൾ ഔട്ടായി.**

## വാർത്തകൾ വിശദമായി

**കേരളത്തെ വ്യാവസായിക രംഗത്തെ ഇലക്ട്രോണിക് ഹബ് ആക്കി മാറ്റാനാണ് ഗവ. ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഈ സാഹചര്യത്തിൽ കെൽട്രോണിന് മുഖ്യ പങ്കുവഹിക്കാനാകും. ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ ഉൽപാദന കേന്ദ്രം കണ്ണൂർ കെൽട്രോണിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ മാങ്ങാട്ടുപറമ്പിലെ കെൽട്രോണിലാണ് കേന്ദ്രം സജ്ജമാക്കിയത്.**

**42 കോടി രൂപ മുതൽമുടക്കു വരുന്ന പദ്ധതിയുടെ ആദ്യഘട്ടമാണ് പൂർത്തിയാക്കിയത്. ISROയുടെ സാങ്കേതിക സഹകരണത്തോടെ നടപ്പാക്കിയ പ്ലാന്റിൽ ഒരു ദിവസം 2,000 സൂപ്പർ കപ്പാസിറ്ററുകൾ ഉൽപാദിക്കാനാവും .**

ഇലക്ട്രോലൈറ്റിക് കപ്പാസിറ്ററുകളെ അപേക്ഷിച്ച് സൂപ്പർ കപ്പാസിറ്ററുകളിൽ നൂറ് മടങ്ങോളം ഊർജ്ജം സംഭരിക്കാൻ കഴിയും. ബാറ്ററികളെ അപേക്ഷിച്ച് വളരെ വേഗം ചാർജ് സ്വീകരിക്കാനും, വിതരണം ചെയ്യാനും സാധിക്കും. നാല് കോടി രൂപ ചിലവിൽ നിർമ്മിച്ച ഡ്രൈറൂമുകളും, ഇറക്കുമതി ചെയ്ത യന്ത്രഭാഗങ്ങളും ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്നു.

നാലാം വർഷത്തോടെ 22 കോടി രൂപയുടെ വാർഷിക വിറ്റുവരവും മൂന്ന് കോടി രൂപയുടെ വാർഷിക ലാഭവും പ്രതീക്ഷിക്കുന്നു. സൂപ്പർ കപ്പാസിറ്ററുകൾ ഇന്ത്യൻ രാജ്യരക്ഷാ മേഖലയ്ക്കും, വൈദ്യുതി വാഹനങ്ങൾക്കും, ബഹിരാകാശ ദൗത്യങ്ങൾക്കും ഉപയോഗിക്കാൻ കഴിയും. ചടങ്ങിൽ മന്ത്രി P രാജീവ് അധ്യക്ഷനായിരുന്നു.

✪✪✪

ജമ്മു കശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ മൂന്നാമത്തെയും അവസാനത്തെയും ഘട്ടത്തിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു. ആദ്യ മണിക്കൂറിൽ 28.12 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ഏഴ് ജില്ലകളിലെ 40 നിയമസഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കുന്നത്.

39 ലക്ഷത്തിലധികം വോട്ടർമാരാണ് ഇന്ന് വോട്ട് രേഖപ്പെടുത്തുക. 415 സ്ഥാനാർത്ഥികളാണ് ഈ ഘട്ടത്തിൽ ജനവിധി തേടുന്നത്. എല്ലാ ഘട്ടങ്ങളിലെയും വോട്ടെണ്ണൽ ഈ മാസം എട്ടിനാണ്.

✪✪✪

മൂന്നാം മോദി ഗവൺമെന്റിന്റെ ആദ്യ 100 ദിവസത്തിനുള്ളിൽ നഗര അടിസ്ഥാന വികസന - പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഗവൺമെന്റ് സുപ്രധാന നടപടികൾ സ്വീകരിച്ചതായി കേന്ദ്ര മന്ത്രി മനോഹർ ലാൽ പറഞ്ഞു. നഗരപ്രദേശങ്ങളിലെ ദരിദ്രരും ഇടത്തരക്കാരുമായ ഒരു കോടി കുടുംബങ്ങൾക്ക് പ്രധാനമന്ത്രി ആവാസ് യോജന-അർബൻ രണ്ടാം ഘട്ടത്തിൽ രണ്ട് ലക്ഷത്തി 30,000 കോടി രൂപയുടെ സഹായം നൽകിയതായി അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യത്തെ 21 നഗരങ്ങളിലേക്ക് മെട്രോ സർവീസ് വ്യാപിപ്പിച്ചതായും മനോഹർ ലാൽ അറിയിച്ചു. 700 കിലോമീറ്റർ പുതിയ മെട്രോ ലൈനുകൾ പ്രവർത്തനക്ഷമമാക്കിയതായും മൊത്തം പ്രവർത്തന ദൈർഘ്യം 945 കിലോമീറ്ററായി ഉയർത്തിയതായും കേന്ദ്ര മന്ത്രി വ്യക്തമാക്കി.

✪✪✪

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. "അന്തസ്സോടെ വാർദ്ധക്യം: പ്രായമായവർക്ക് പരിചരണവും പിന്തുണ സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യം" എന്നതാണ് ഈ വർഷത്തെ പ്രമേയം.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).....

ലോകത്ത് 65 നുമേൽ പ്രായക്കാരുടെ എണ്ണം 2021 നെ അപേക്ഷിച്ച് ഇരട്ടിയിലേറെയായിക്കഴിഞ്ഞു. 80 നുമേൽ പ്രായക്കാരുടെ എണ്ണം ഇതിലും വേഗം വളരുകയാണ്.

ലോകത്തെ പകുതി രാജ്യങ്ങളിലും ആയുർദൈർഘ്യം 75 വയസ്സിനു മുകളിലാണ്. 1950 മായി തട്ടിച്ചുനോക്കുമ്പോൾ 65 വയസ്സ് തികയുന്ന വ്യക്തികൾ ശരാശരി 16.8 വർഷം അധികമായി ജീവിക്കുമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. മുതിർന്ന പൗരന്മാരുടെ ജനസംഖ്യ കൂടുന്നതനുസരിച്ച് ആരോഗ്യ സംരക്ഷണത്തിന്റെയും സാമൂഹിക പിന്തുണയുടെയും ആവശ്യം വർധിച്ചു. പ്രായമായവരിൽ ആശ്രിതത്വത്തിനും വൈകല്യത്തിനും സാധ്യത കൂടുതലായതിനാൽ പ്രത്യേക പരിഗണന അത്യാവശ്യമാണ്.

വയോജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനും, അവരുടെ മൂല്യം തിരിച്ചറിയുന്നതിനുമായാണ് 1991 മുതൽ ഒക്ടോബർ 1 വയോജന ദിനമായി ആചരിക്കുന്നത്.

✪✪✪

കോഴിക്കോട് ഫറോക്കിലെ പുതിയ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ്, വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ഫറോക്കിലെ പഴയ റെസ്റ്റ് ഹൗസ് കെട്ടിടം പൊളിച്ചുമാറ്റി അഞ്ച് കോടി 84 ലക്ഷം രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമ്മിച്ചത്. ചടങ്ങിൽ മന്ത്രി PA മുഹമ്മദ് റിയാസ് അധ്യക്ഷത വഹിക്കും.

കോഴിക്കോട് CPIM ജില്ലാ കമ്മിറ്റി ഓഫീസിനോട് ചേർന്ന് നിർമ്മിച്ച AKG ഓഡിറ്റോറിയവും മുഖ്യമന്ത്രി വൈകിട്ട് ഉദ്ഘാടനം ചെയ്യും.

✪✪✪

വാണിജ്യ L.P.G സിലിണ്ടർ വില, പെട്രോളിയം കമ്പനികൾ വർധിപ്പിച്ചു. 19 കിലോഗ്രാം സിലിണ്ടറിനു 48.50 രൂപയും 5 കിലോ ഫ്രീ ട്രേഡ് L.P.G സിലിണ്ടറിന് 12 രൂപയുമാണ് വർധിപ്പിച്ചത്.

✪✪✪

കേരളത്തിൽകഴിഞ്ഞ മൂന്നര വർഷത്തിൽ ഒരു ലക്ഷത്തി 80,887 പേർക്ക് പട്ടയം വിതരണം ചെയ്തതായി മന്ത്രി K രാജൻ പറഞ്ഞു. ഇത് സർവകാല റെക്കോർഡാണ്. കോഴിക്കോട് ജില്ലാ തല പട്ടയമേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭൂരഹിതരില്ലാത്ത നവകേരളമാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു. വനംഭൂമിയുമായി ബന്ധപ്പട്ട പ്രശ്നങ്ങളും കടൽ പുറമ്പോക്കുമായി ബന്ധപ്പെട്ട പട്ടയ പ്രശ്നങ്ങളും കേന്ദ്ര ഗവണ്മെന്റിന്റെ അനുമതിയോടെ പ്രശ്നപരിഹാരം കാണാൻ ശ്രമിച്ചു വരികയാണെന്നും മന്ത്രി അറിയിച്ചു.

വടകര, കൊയിലാണ്ടി താലൂക്കുകളിലെ പട്ടയവിതരണം വടകര ടൗൺഹാളിൽ ഉച്ചകഴിഞ്ഞ് K രാജൻ ഉദ്ഘാടനം ചെയ്യും.

✪✪✪

നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ജമൈക്കൻ പ്രധാനമന്ത്രി ഡോ. ആൻഡ്രൂ ഹോൾനസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഡൽഹിയിൽ പ്രതിനിധി തല ചർച്ച ആരംഭിച്ചു. ഹൈദരാബാദ് ഹൗസിലാണ് ഇരു നേതാക്കളുടെയും കൂടിക്കാഴ്ച. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് ഇരു രാജ്യങ്ങളും, ഏതാനും ധാരണാപത്രങ്ങളും കരാറുകളും ഒപ്പുവെയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു.

✪✪✪

സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിക്കുന്ന മാലിന്യമുക്ത നവകേരള ജനകീയ ക്യാമ്പയിന്റെ സംസ്ഥാനതല ചടങ്ങ് മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യും. മാലിന്യ സംസ്കരണ മേഖലയിലെ 257 അനുബന്ധ പ്രവർത്തനങ്ങളും ഇതോടൊപ്പം ഉദ്ഘാടനം ചെയ്യും.

✪✪✪

CPIM സംസ്ഥാന സെക്രട്ടറിയും പൊളിറ്റ്ബ്യൂറോ അംഗവുമായിരുന്ന കോടിയേരി ബാലകൃഷ്ണന്റെ രണ്ടാം ചരമവാർഷികം കണ്ണൂരിൽ ഇന്ന് ആചരിക്കുന്നു. പയ്യാമ്പലം സ്മൃതി മണ്ഡപത്തിലെ പുഷ്പാർച്ചനയിൽ പൊളിറ്റ്ബ്യൂറോ അംഗം ബൃന്ദ കാരാട്ട്, സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ തുടങ്ങിയവർ പങ്കെടുത്തു. കോടിയേരി മുളിയിൽനടയിലെ വീട്ടിൽ അദ്ദേഹത്തിന്റെ വെങ്കല പ്രതിമ മുഖ്യമന്ത്രി പിണറായി വിജയൻ അനാച്ഛാദനം ചെയ്തു.

✪✪✪

CPIM സംസ്ഥാന സെക്രട്ടറിയും പൊളിറ്റ്ബ്യൂറോ അംഗവുമായിരുന്ന കോടിയേരി ബാലകൃഷ്ണന്റെ രണ്ടാം ചരമവാർഷികം കണ്ണൂരിൽ ഇന്ന് ആചരിക്കുന്നു. പയ്യാമ്പലം സ്മൃതി മണ്ഡപത്തിലെ പുഷ്പാർച്ചനയിൽ പൊളിറ്റ്ബ്യൂറോ അംഗം ബൃന്ദ കാരാട്ട്, സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ തുടങ്ങിയവർ പങ്കെടുത്തു. കോടിയേരി മുളിയിൽനടയിലെ വീട്ടിൽ അദ്ദേഹത്തിന്റെ വെങ്കല പ്രതിമ മുഖ്യമന്ത്രി പിണറായി വിജയൻ അനാച്ഛാദനം ചെയ്തു.

✪✪✪

കോഴിക്കോട് ജില്ലയിലെ ജാനകിക്കാട്, പെരുവണ്ണാമൂഴി, കക്കയം, വയലട ഹൈഡൽ ടൂറിസത്തിന്റെ വികസനസാധ്യത, വൈദ്യുതി വകുപ്പുമായി ചർച്ച ചെയ്തതായി മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. മുള്ളൻകുന്ന്, ജാനകിക്കാട് നവീകരണത്തിന് രണ്ടരക്കോടി രൂപയുടെ ഭരണാനുമതി നൽകിയതായും മന്ത്രി പറഞ്ഞു. കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കുടുംബശ്രീയുടെ മാതൃകയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ ശാക്തീകരണവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് ഭിന്നശേഷി സ്വയംസഹായ സംഘങ്ങളുടെ ശൃംഖല രൂപീകരിക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു.

കോഴിക്കോട്ട് ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ സഹായ ഉപകരണങ്ങളുടെ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് മസ്തിഷ്ക ജ്വരം സംശയിക്കുന്നവരിൽ അമീബിക് മസ്തിഷ്കജ്വരനിർണയ പരിശോധനയും നടത്തണമെന്ന് മന്ത്രി വീണാ ജോർജ്ജ് നിർദേശം നൽകി. സംസ്ഥാനത്ത് പലയിടത്തും അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട് ചെയ്യുന്ന സാഹചര്യത്തിലാണ് നിർദേശം. രോഗം തുടക്കത്തിൽ തന്നെ സ്ഥിരീകരിച്ചാൽ ഫലപ്രദമായ ചികിത്സയിലൂടെ ജീവൻ രക്ഷിക്കാനാകും. രോഗ ചികിത്സയ്ക്ക് ആവശ്യമായ മിൽറ്റി ഫോസിൻ അടക്കം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാനും തിരുവനന്തപുരത്ത് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന RRT യോഗത്തിൽ മന്ത്രി നിർദേശിച്ചു.

✪✪✪

കാൺപൂർ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിലെ രണ്ടാം ഇന്നിംഗ്സിൽ ബംഗ്ലാദേശ് 146 റൺസിന് ഓൾ ഔട്ടായി. രണ്ടാം ഇന്നിംഗ്സിൽ 95 റൺസെടുത്താൽ ഇന്ത്യയ്ക്ക് വിജയിക്കാം. ആദ്യടെസ്റ്റിൽ 280 റൺസിന് ഇന്ത്യ ബംഗ്ലാദേശിനെ തകർത്തിരുന്നു.

✪✪✪

I.S.L ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് FC, ചെന്നൈയിൻ FC യെ നേരിടും. വൈകിട്ട് 7.30 നു ഹൈദരാബാദിലാണ് മത്സരം.

വ്യാഴാഴ്ച ഭുവനേശ്വറിൽ കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ F C യെ നേരിടും.

✪✪✪

സംസ്ഥാന സീനിയർ ബാസ്ക്കറ്റ് ബാൾ ചാമ്പ്യൻഷിപ്പിന് കൊച്ചിയിൽ തുടക്കമായി. രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിലെ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ 14 ജില്ലകളും, വനിതാ വിഭാഗത്തിൽ 11 ജില്ലകളും മത്സരിക്കും - ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

ഭൂട്ടാനിലെ തിംഫുവിൽ നടന്ന സാഫ് അണ്ടർ 17 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യയ്ക്ക്. ബംഗ്ലാദേശിനെ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ഇന്ത്യൻ സംഘം പരാജയപ്പെടുത്തിയത്.

✪✪✪

സ്വച്ഛതാ ഹി സേവ കാമ്പയിന്റെ ഭാഗമായി നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ ശുചീകരണ യജ്ഞം സംഘടിപ്പിക്കും. രാവിലെ 9 മണിക്ക് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

സംസ്ഥാനത്തെ 9 ജില്ലകളിലും തീരപ്രദേശങ്ങളിലും മാഹി, ലക്ഷദ്വീപ് കടൽ തീരപ്രദേശങ്ങളിലും മൈ ഭാരത് വളണ്ടിയർമാർ ശുചീകരണ പ്രവർത്തനങ്ങളും ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കും. സെപ്റ്റംബർ 17 ന് തുടങ്ങി ഒക്ടോബർ രണ്ടിന് സമാപിക്കുന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം

നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ വിപുലമായ ശുചീകരണ പരിപാടികളാണ് സംഘടിപ്പിച്ചത്.

സ്വച്ഛത ഹി സേവായുടെ ഭാഗമായി കണ്ണൂർ പയ്യാമ്പലം ബീച്ചിൽ മെഗാ ശുചീകരണ യജ്ഞം നടത്തി. കൃഷ്ണമേനോൻ സ്മാരക ഗവൺമെൻറ് വനിതാ കോളേജിലെയും S.N കോളേജിലെയും NSS യൂണിറ്റുകൾ എന്നിവരും ശുചീകരണത്തിൽ പങ്കെടുത്തു.

✪✪✪

സ്വച്ഛത ഹി സേവായുടെ ഭാഗമായി ആകാശവാണി കണ്ണൂർ നിലയത്തിൽ ശുചീകരണ യജ്ഞം രാവിലെ ആരംഭിച്ചു. നിലയം ഉദ്യോഗസ്ഥരും ജീവനക്കാരും യജ്ഞത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

സംസ്ഥാനത്ത് മറ്റന്നാൾ വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കനത്ത മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

മലബാറിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ മാഹി ബസിലിക്ക ദേവാലയത്തിലെ തിരുനാൾ മഹോത്സവത്തിന് ശനിയാഴ്ച കൊടിയേറും. ദേവാലയത്തിന് ബസിലിക്ക പദവി ലഭിച്ച ശേഷം നടക്കുന്ന ആദ്യ തിരുനാളാണിത്. അൾത്താരയിലെ രഹസ്യ അറയിൽ സൂക്ഷിച്ചിരിക്കുന്ന വിശുദ്ധ അമ്മ ത്രേസ്യയുടെ തിരുസ്വരൂപം പൊതുവണക്കത്തിനായി ദേവാലയത്തിനകത്ത് പ്രതിഷ്ഠിക്കുന്നതോടെയാണ് തിരുനാളാഘോഷങ്ങൾക്ക് തുടക്കമാകുന്നത്. തുടർന്ന് എല്ലാ ദിവസവും വൈകിട്ട് ആറിന് സാഘോഷ ദിവ്യബലിയും, നൊവേനയും, പ്രദക്ഷിണവും ഉണ്ടായിരിക്കും. ഈ മാസം 22 ന് കൊടിയിറങ്ങും.

✪✪✪